ആർ1-2049/07

മുനിസിപ്പൽ ഓഫീസ്,
മൂവാറ്റുപുഴ,
തീയതി : 28/11/2011

**മൂവാറ്റുപുഴ നഗരസഭ**

കേരള സർക്കാരിന്റ 2011 ജനുവരി 14-ാം തീയതിയിലെ സ.ഉ.നമ്പർ 17/2011 ത.സ്വ.ഭ.വ. ഉത്തരവനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ വസ്തു നികുതി 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ പരിഷ്ക്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗര സഭാ കൗൺസിൽ 17/9/2011-ലെ 20-ാം നമ്പർ തീരുമാന പ്രകാരം നഗരസഭാ പ്രദേശത്തുള്ള വിവി ധയിനം കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികു തിയും സർചാർജ്ജും) ചട്ടങ്ങൾ 7-ൽ (1) -ാം ഉപചട്ടപ്രകാരം മൂവാറ്റുപുഴ നഗരസഭ പ്രദേശത്തെ പ്രഥമ മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ചും 8-ൽ (1)-ാം ഉചചട്ട പ്രകാരം നഗരപ്രദേശത്തിനകത്തുള്ളതും, നഗരസഭ പ്രദേശത്തുകൂടി കടന്നുപോകു ന്നതുമായ റോഡുകളെ അവയുടെ പ്രാധാന്യവും നിലവാരവും കണക്കിലെടുത്ത് ഒന്നാംതരം റോഡുകൾ, രണ്ടാംതരം റോഡുകൾ, മൂന്നാംതരം റോഡുകൾ എന്നിങ്ങനെ മൂന്ന് തരങ്ങളായും നഗ രസഭാ കൗൺസിൽ താഴെപറയും പ്രകാരം 25/11/11-ൽ 17-ാം നമ്പരായി തീരുമാനം എടുത്തിട്ടു ണ്ട്.

**മേഖലാ വിഭജനം**

I **പ്രഥമ മേഖല**

ഒന്നാം തരം റോഡിന്റെ ഇരുവശവും 200 മീറ്റർ ദൂരപരിധിക്കുള്ളിൽ വരുന്ന പ്രദേശങ്ങൾ

II **ദ്വിതീയ മേഖല**

ഒന്നാം തരം റോഡിന്റെ ഇരുവശവും 200 മീറ്ററിനുമേൽ 400 മീറ്റർ വരെയുള്ള ദൂരപരിധി ക്കുള്ളിൽ വരുന്ന പ്രദേശങ്ങളും, രണ്ടാം തരം റോഡിന്റെ ഇരുവശവും 400 മീറ്റർ വരെയുള്ള പ്രദേ ശങ്ങളും..

III **തൃതീയ മേഖല**

പ്രഥമമേഖല, ദ്വിതീയ മേഖല പരിധിയിൽ ഉൾപ്പെടാത്ത മറ്റ് പ്രദേശങ്ങൾ

**റോഡിന്റെ തരംതിരിവ്**

I **ഒന്നാം തരം റോഡുകൾ**

1) എൻ.എച്ച്. 49
2) വീട്ടൂർ റോഡ്
3) എം.സി.റോഡ്
4) ഇ.ഇ.സി. മാർക്കറ്റ് റോഡ്
5) നിരപ്പ് റോഡ് മുതൽ സി.എസ്. ജംഗ്ഷൻ വരെ
6) ചാലിക്കടവ് ബൈപ്പാസ് റോഡ്
7) ആയവന റോഡ് (മണിയംകുളം ജംഗ്ഷൻ വരെ)
8) മാവിൻചുവട് റോഡ്
9) പി.എം.റോഡ്
10) ആരക്കുഴ റോഡ്
11) നാസ്സ് റോഡ്
12) മോഡൽ എച്ച്.എസ്.എസ്. റോഡ്( മോഡൽ എച്ച്.എസ്.എസ്. വരെ)
13) പിറവം റോഡ്
14) കാവുംപടി റോഡ്
15) റോട്ടറി റോഡ്
16) മാർക്കറ്റ് റോഡ്

II **രണ്ടാം തരം റോഡുകൾ**

1) കുര്യന്മല റോഡ്
2) എ.കെ.ജി. റോഡ്
3) ബ്ലോക്ക് ആഫീസ് റോഡ്
4) നിരപ്പ് റോഡ് (സി.എസ്.ജംഗ്ഷൻ മുതൽ)
5) ചന്തക്കടവ് റോഡ്
6) ഹൗസിംഗ് ബോർഡ് റോഡ്.
7) മോഡൽ എച്ച്.എസ്.എസ്.റോഡ് (മോഡൽ എച്ച്.എസ്.എസ്. മുതൽ)
8) എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് റോഡ്
9) അരമന റോഡ്
10) ശിവൻകുന്ന് റോഡ്

III **മൂന്നാംതരം റോഡുകൾ**

ഒന്നാം തരത്തിലും രണ്ടാം തരത്തിലും ഉൾപ്പെടാത്ത മറ്റ് റോഡുകൾ.

മേഖലാ വിഭജനം, റോഡ് തരം തിരിവ് സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരസ്യ തീയതി മുതൽ 30 ദിവസത്തിനകം മൂവാറ്റുപുഴ മുനിസിപ്പൽ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**സെക്രട്ടറി**